# نصيحة الجمعة


تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨


**തീയതി: 04/08/2017** **വിഷയം: ഇന്ത്യ വിതുമ്പുകയാണ്.**

إِنْ يَنْصُرْكُمُ اللَّهُ فَلَا غَالِبَ لَكُمْ ۖ وَإِنْ يَخْذُلْكُمْ فَمَنْ ذَا الَّذِي يَنْصُرُكُمْ مِنْ بَعْدِهِ ۗ وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ ﴿آل عمران: ١٦٠﴾

➤ രാജ്യം വീണ്ടും ഒരു സ്വാതന്ത്ര്യദിനാഘോഷത്തിലേക്ക് നടന്നടുക്കുകയാണ്. ആഘോഷങ്ങൾ പതിവുപോലെ പൊടിപൊടിക്കും. രാഷ്ട്രപതി രാജ്യത്തെ സംബോധന ചെയ്യും. പ്രധാനമന്ത്രി ചെങ്കോട്ടയിൽ പതാക ഉയർത്തും. രാജ്യത്തെങ്ങും ആഘോഷം നടക്കും. മന്ത്രിമാർ സല്യൂട്ട് സ്വീകരിക്കും. എല്ലായിടത്തും കൊടിതോരണങ്ങൾ ഉയരും... ഇതെല്ലാം പതിവ് പരിപാടികളാണ്.

➤ ഈ ആഘോഷം ശരിക്കും കൊണ്ടാടേണ്ടതുതന്നെയാണ്. കാരണം മൂന്നര നൂറ്റാണ്ടുകാലത്തെ അടിമത്വത്തിൽ നിന്നുമാണ് രാജ്യം സ്വാതന്ത്ര്യം നേടിയത്. (AD. 1600ൽ ഈസ്റ്റിന്ത്യാകമ്പനി സ്ഥാപിച്ചതു മുതൽ 1949വരെയുള്ള കാലം)

➤ ഈ മൂന്നര നൂറ്റാണ്ട് അക്രമങ്ങളുടെയും അടിച്ചമർത്തലുകളുടെയും കിരാതകാലമായിരുന്നു. ഉദാ: ജാലിയൻവാലാബാഗ് സംഭവം. ഹിന്ദുക്കളുടെ ദേവതയെ ബ്രിട്ടീഷുകാർ ആക്ഷേപിച്ചതിനെതിരെ പ്രതിഷേധ സമ്മേളനം പഞ്ചാബിലെ അമൃതസറിലുള്ള ടി മൈതാനിയിൽ നടക്കുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും സിഖുകാരും ഉൾപ്പെടെ 20000ത്തോളം പേർ പങ്കെടുത്തു. യാതൊരു പ്രകോപനവുമില്ലാതെ ജന: ഡെയറിന്റെ നിർദ്ദേശപ്രകാരം വെടിവെച്ചു. ആയിരത്തോളം പേർ മരിച്ചു. അത്രയും പേർക്ക് പരിക്കേറ്റു. ഇവിടെ ഹിന്ദുദേവതയെ ആക്ഷേപി ച്ചതിനെതിരെയാണ് ബഹു ജനങ്ങൾ ഒന്നിച്ച് അണിനിരന്നത്. ഇത് അന്നത്തെ സാമൂഹ്യാവസ്ഥയുടെ നേർകാഴ്ചയാണ്. വർ

ഗ്ഗീയത ഇല്ലാതെ ഏവരും ഒന്നിച്ചു. ഇന്നും മുസ്‌ലിംകളുടെ നിലപാട് ഇതു തന്നെയാണ്.

وَلَا تَسُبُّوا الَّذِينَ يَدْعُونَ مِن دُونِ اللَّهِ فَيَسُبُّوا اللَّهَ عَدْوًا بِغَيْرِ عِلْمٍ ۗ كَذَٰلِكَ زَيَّنَّا لِكُلِّ أُمَّةٍ عَمَلَهُمْ ثُمَّ إِلَىٰ رَبِّهِم مَّرْجِعُهُمْ فَيُنَبِّئُهُم بِمَا كَانُوا يَعْمَلُونَ ﴿انعام:١٠٨﴾

➢ ബ്രിട്ടീഷ് രാജിന്റെ ക്രൂരത വ്യക്തമാക്കുന്ന മറ്റൊരു സംഭവമാണ് വാഗൺ ട്രാജഡി. 1921ൽ തിരൂരിൽ നിന്ന് ചരക്ക് വാഗണിൽ നൂറോളം പേരെ കുത്തി നിറച്ച് കോയമ്പത്തൂരിലേക്ക് അയച്ചു. 64 പേർ ശ്വാസംമുട്ടി മരിച്ചു. തുടർന്നുണ്ടായ കലാപത്തിൽ ഇരുപത്തി അയ്യായിരത്തോളം പേരും മരിച്ചു.

ഇങ്ങനെയുള്ള മഹാ ക്രൂരതകളിൽ നിന്ന് രാജ്യവും ജനങ്ങളും സ്വാതന്ത്ര്യം നേടിയതിന്റെ വാർഷികമാണ് സ്വാതന്ത്ര്യ ദിനാഘോഷം. അത് ആഘോഷിക്കേണ്ടത് തന്നെ.

➢ ഒരു സമുദായം എന്ന നിലക്ക് മുസ്‌ലിംകൾക്കിതിൽ അഭിമാനമുണ്ട്. കാരണം നമ്മുടെ ഉലമാക്കളും സാദാത്തുക്കളും നേതൃത്വം നൽകിയാണ് ഈ സ്വാതന്ത്ര്യം നേടിയെടുത്തത്. ഉദാ: മമ്പുറം തങ്ങൾ (റ). പതിനെട്ടാം നൂറ്റാണ്ടിലെ മഹാ പണ്ഡിതനും സൂഫീവര്യനും "ഖുതുബും" ആയിരുന്നു അവർ. മഹാൻ പൂക്കോട്ടൂർ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ഉമർഖാളിയും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരാണ്. അതുകൊണ്ട് സ്വാതന്ത്ര്യദിനാഘോഷം വിയർപ്പൊഴുക്കിയവന്റെ സന്തോഷമാണ്.

➢ എന്നാൽ ഇപ്രാവശ്യത്തെ ആഘോഷങ്ങൾക്ക് നിറം മങ്ങിയിട്ടുണ്ട്. രാജ്യം വിതുമ്പി നിൽക്കുകയാണ്. വർഗീയ കലാപങ്ങളും വംശീയ ഛിദ്രതയുമാണ് കാരണം.

വിവാഹ വീട്ടിലെ സംഘട്ടനം പോലെയായി രാജ്യം. വീട്ടുകാർ, കുടുംബക്കാർ, നാട്ടുകാർ, അതിഥികൾ എല്ലാവരും എത്തി. സ്വീകരണം, സൽക്കാരം, സദ്യ... നടക്കുന്നു. അതിനിടയിൽ കല്യാണ വീട്ടിൽ ജ്യേഷ്ഠനും അനുജനും തമ്മിൽ കത്തിക്കുത്തുണ്ടായാൽ എന്താണവസ്ഥ. പിന്നെ എന്ത് സന്തോഷം? വീട്ടിലെ അമ്മയുടെ ഹൃദ

യവേദന എന്തായിരിക്കും? ഇങ്ങനെ രാജ്യത്ത് സംഘർഷങ്ങൾ നടക്കുന്നു.

➢ എല്ലാത്തിന്റെയും പിന്നിൽ ഒരേ ശക്തിയാണ് പ്രവർത്തിക്കുന്നത്. അഖ്ലാഖ് മുതൽ 28 പേരെ തല്ലിക്കൊന്നു. ബീഫിന്റെ പേരിൽ. പള്ളിയിൽ ഉറങ്ങിയ നിരപരാധിയായ റിയാസ്മുസ്‌ലിയാരെ കൊന്നവർ തന്നെയാണ് കൊടിഞ്ഞിയിൽ ഫൈസലിനെയും കൊന്നത്. 16കാരൻ ശഹീദ് ജുനൈദിന്റെ ദയനീയ രംഗം എങ്ങനെ മറക്കും? ഇവരുടെ കുടുംബക്കാരും ബന്ധുക്കളും എങ്ങനെ സ്വാതന്ത്ര്യദിനം ആഘോഷിക്കും.?

'മാനിഷാദ' (അരുത് കാട്ടാളാ) എന്ന് പറയാൻ ഒരു വാൽമീകി ഇല്ല. ഇതാണ് ഇന്നത്തെ ദാരിദ്ര്യം. ഭക്ഷണമില്ലായ്മയല്ല.

➢ ഇവിടെ ചില കാര്യങ്ങൾ നാം മനസ്സിലാക്കേണ്ടതുണ്ട്... 1) ഇതിന്റെ പിന്നിൽ ഇസ്‌ലാം വിരോധമാണുള്ളത്. അതുകൊണ്ടാണ് ഇസ്രയേലിൽ ചെന്ന് പ്രധാനമന്ത്രി ജൂതന്റെ തോളിൽ കൈ ഇട്ടത്. തൊട്ടപ്പുറത്തെ പലസ്തീൻ മുസ്‌ലിംകളെ അദ്ദേഹം കണ്ടില്ല. (മുൻ സന്ദർശകർ രണ്ട് രാജ്യവും സന്ദർശിക്കുമായിരുന്നു.) ഇന്ത്യയിലെ മുസ്‌ലിംകളോടാണ് വിയോജിപ്പെങ്കിൽ പലസ്തീനി മുസ്‌ലിംകൾ എന്ത് പിഴച്ചു. അപ്പോൾ പ്രശ്നം ഇസ്‌ലാമാണ്. പക്ഷേ അത് ലക്ഷ്യം കാണില്ല.

يُرِيدُونَ أَن يُطْفِئُوا نُورَ اللَّهِ بِأَفْوَاهِهِمْ وَيَأْبَى اللَّهُ إِلَّا أَن يُتِمَّ نُورَهُ وَلَوْ كَرِهَ الْكَافِرُونَ ﴿التوبة: ٣٢﴾

ഇതിലും വലിയ പ്രതിസന്ധി മക്കയിൽ നേരിട്ട മതമാണ് ഇസ്‌ലാം.( മക്കയിലെ ആദ്യകാല പീഢനങ്ങൾ വിവരിക്കുക) അവിടന്ന് ദീൻ കടന്നുവന്നു. അന്ന് യാസിർ എങ്കിൽ ഇന്ന് അഖ്ലാഖാണ്. ഫറോവയുടെ ഭരണകൂട ഭീകരതയെ മറികടന്ന ദീനാണിത്.

وَإِذْ فَرَقْنَا بِكُمُ الْبَحْرَ فَأَنجَيْنَاكُمْ وَأَغْرَقْنَا آلَ فِرْعَوْنَ وَأَنتُمْ تَنظُرُونَ ﴿البقرة: ٥٠﴾

كَدَأْبِ آلِ فِرْعَوْنَ وَ الَّذينَ مِنْ قَبْلِهِمْ كَذَّبُوا بِآياتِ رَبِّهِمْ فَأَهْلَكْناهُمْ بِذُنُوبِهِمْ وَ أَغْرَقْنا آلَ فِرْعَوْنَ وَ كُلٌّ كانُوا ظالِمينَ ﴿انفال: ٥٤﴾

അതുകൊ ് ഇസ്‌ലാം വിരോധം വിജയിക്കില്ല.

2) അല്ലാഹുവിന്റെ സഹായം തടയപ്പെടാതെ ജാഗ്രത പുലർത്തുക. ഉമർ(റ) ന്റെ ഉപദേശം. ഒരു സൈന്യത്തെ അയച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

أُوصِيكَ وَمنْ مَعَكَ بِتَقْوى اللهِ فِي كلِّ حَالٍ، فإِنَّ تَقوى اللهِ أَفضَلُ العُدَّةِ عَلى الْعدُوِّ، وَأَقْوى الْمَكِيدَةِ فِي الْحَرْبِ. وَأَنْ تَكوُن أنْتَ وَمَنْ مَعكَ أَشَدَّ اِحتِراساً مِن الْمَعَاصِي مِنْكُم من عَدُوِّكُم، فإن ذُنوبَ الجَيْشِ أَخْوَفَ عليهِمْ مِنْ عَدُوِّهِم. فَنُنْصَرُ عليهم بِطَاعتِنا لَم نَغْلِبْهُمْ بِقَوَّتِنَا (العقد الفريد لابن عبد ربه)

(=നിങ്ങൾ എപ്പോഴും തഖ്‌വ ഉള്ളവരാകണം. അതാണ് ശത്രുവിനെതിരെ ഏറ്റവും വലിയ ശക്തി. ശത്രുക്കളെക്കാൾ നിങ്ങൾ ഭയക്കേണ്ടത് തിന്മകളെയാണ്. നാം സഹായിക്കപ്പെട്ടത് വഴിപ്പെടലിന്റെ അടിസ്ഥാനത്തിലാണ്. കായികബലം കൊണ്ടല്ല.)

إِنْ يَنْصُرْكُمُ اللَّهُ فَلَا غَالِبَ لَكُمْ ۖ وَإِنْ يَخْذُلْكُمْ فَمَنْ ذَا الَّذِي يَنْصُرُكُمْ مِنْ بَعْدِهِ ۗ وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ﴿آل عمران: ١٦٠﴾

3) ശത്രുക്കൾക്ക് വളം വെക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് വിട്ടു നിൽക്കുക. നാം തെരുവിൽ ഉറങ്ങാൻ അവർ ആഗ്രഹിക്കുന്നു. അത് ലക്ഷ്യം കാണരുത്.

■